(vi) 1979-ലെ കേരള മുനിസിപ്പൽ കോർപ്പറേഷനുകൾ (ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, 1979-ലെ കേരള മുനിസിപ്പൽ കോർപ്പറേഷനുകൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിരമായി നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

Mr. Deputy Speaker: The bill stands introduced.

Shri C. H. Mohammed Koya: Sir, I move that the bill may be taken into consideration.

Minister for Home (**Shri K. M. Mani**): Sir, I second it.

Shri N. I. Devassykutty: Sir, I move that the Kerala Municipal Corporations (Amendment) Bill, 1979 be circulated for eliciting public opinion till 31st May, 1979.

ഞാൻ ഇതിനെപ്പറ്റി കൂടുതലായി ഒന്നും പറയുന്നില്ല.

Shri P. K. Ittoop: Sir, I move that the Kerala Municipal Corporations (Amendment) Bill, 1979 be referred to a Select Committee.

ശ്രീ. പി. പി. എസ്തോസ്: സർ, മുനിസിപ്പൽ കോർപ്പറേഷനുകൾ (ഭേദഗതി) ബിൽ എന്നു പറയുന്ന ഇത് കേരളത്തിലൊട്ടാകെയുള്ള മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാലാവധി നീട്ടുന്നതിനുള്ളതല്ല. പ്രധാനമായും കൊച്ചിൻ കോർപ്പറേഷന്റെ മേയറുടെയും ഡെപ്യൂട്ടി മേയറുടെയും കൗൺസിലർമാരുടെയുമെല്ലാം കാലാവധി നീട്ടിക്കൊണ്ടുള്ള ഒരു ഓർഡിനൻസ് ഇപ്പോഴ് നിയമമാക്കാൻവേണ്ടി ബില്ലായി വന്നിരിക്കുകയാണ്. കൊച്ചിൻ കോർപ്പറേഷനെ സംബന്ധിച്ച്, കഴിഞ്ഞ ഒന്നുരണ്ടുമാസമായി എറണാകുളത്തുനടന്നുകൊണ്ടിരിക്കുന്ന സംഭവഗതികളും പത്രങ്ങളിലൂടെയും മറ്റും കേരളത്തിലെ മുഴുവൻ ജനങ്ങളും അറിഞ്ഞിട്ടുണ്ടാകും. ഈ നിയമസഭയിലും അതിന്റെ പ്രതിദ്ധ്വനി ചോദ്യോത്തരവേളയിലും മറ്റും ഉണ്ടായിട്ടുണ്ട്. വളരെ മോശപ്പെട്ട ചില നടപടികളും ഭരണമുന്നണിയുടെ അല്ലെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തുകൊണ്ടിരിക്കുന്നതിന്റെ പ്രത്യക്ഷമായ തെളിവുകളാണ് അവ. ഇത് ഇതിനുമുൻപുതന്നെ പറഞ്ഞുകഴിഞ്ഞു. തിരുവനന്തപുരത്ത് മേണമുന്നണിക്കാർക്ക് അസൗകര്യമുണ്ടാക്കുന്ന ഒരു മേയർ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ആ കോർപ്പറേഷൻ പിരിച്ചുവിട്ടു, കാലിക്കട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ പിരിച്ചുവിട്ടു. കൊച്ചിൻ കോർപ്പറേഷൻ മാത്രം പിരിച്ചു വിട്ടില്ല. അവിടെ കഴിഞ്ഞ 1969-ൽ തിരഞ്ഞെടുക്കപ്പെട്ട കൗൺസിൽ ഇപ്പോഴും തുടരുകയാണ്. ആ കൗൺസിൽ അങ്ങനെ തുടരുന്നതിന്റെ ഏക കാരണവും പശ്ചാത്തലവും എന്താണെന്നുവച്ചാൽ, ഇന്ന് അവിടെ മേയറായിരിക്കുന്ന ശ്രീമാൻ ശേഷാദ്രി പ്രതിപക്ഷങ്ങളുടെ പിൻതുണയോടുകൂടിയാണു മേയറായിട്ടു തിരഞ്ഞെടുക്കപ്പെട്ടതെങ്കിലും പിന്നീട് അവിടെനിന്നു കുതിച്ചുചാടിയത് ഭരണകക്ഷിക്കാരുടെ ചാക്കിനകത്തേക്കായിരുന്നു. ഭരണകക്ഷി എന്നു പറഞ്ഞാൽ കേരളത്തിലെ ഗവൺമെൻറിലെ ഭരണമുന്നണിയിലെ, കക്ഷികൾ എന്നേ അർത്ഥമാക്കേണ്ടതുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട മേയറുടെ കാലാവധി കഴിഞ്ഞ് കൗൺസിലിന്റെയും മേയറുടെയും കാലാവധി ദീർഘിപ്പിച്ചുകൊണ്ട് അടിയന്തിരാവസ്ഥക്കാലത്ത് ഒരു ഓർഡിനൻസ് ഉണ്ടായിട്ടുണ്ട്. അതിനുശേഷം കൗൺസിലിന്റെ കാലാവധി നീട്ടി. കൗൺസിലിന്റെ കാലാവധി നീട്ടുമ്പോൾ മേയർ കൗൺസിലറാണ്. ഡെപ്യൂട്ടി മേയറും കൗൺസിലറാണ്. അങ്ങനെ കൗൺസിലിന്റെ കാലാവധി നീട്ടുകയും നിയമപ്രകാരം മേയറുടെ തിരഞ്ഞെടുപ്പിനുള്ള നടപടികളാരംഭിക്കുകയും ചെയ്തു. മേയറുടെ തിരഞ്ഞെടുപ്പിനുള്ള നടപടികളാരംഭിച്ചതോടുകൂടി, പുതിയ മേയറായി വരാൻപോകുന്നത് ആരെന്നുള്ള കാര്യത്തിൽ മേയർക്കും മേയറെ അനുകൂലിക്കുന്ന ആളുകൾക്കും വ്യക്തമായി ബോദ്ധ്യം വന്നു. പല സാഹചര്യങ്ങളാലും ഒട്ടേറെ ആരോപണങ്ങൾക്കു വിധേയനായ മേയറാണ്. ലക്ഷക്കണക്കിനു നികുതിവെട്ടിപ്പുകളുടെ കഥകൾ ഇവിടെ പുറത്തുവന്നിട്ടുണ്ട്. മേയർ തന്നെ നേതൃത്വം കൊടുക്കുന്ന, മേയറുടെ തന്നെ കുടുംബവകയായ ഹോസ്പിറ്റൽ പതിനായിരക്കണക്കായ നികുതി വെട്ടിപ്പു നടത്തുന്നതിന്റെ കഥകൾ ഇവിടെ ഉണ്ട്. എറണാകുളം പട്ടണത്തിലെ റോഡുകൾ മനുഷ്യനു നടക്കാൻപോലും പറ്റാത്ത തരത്തിൽ മോശമായ നിലയിലാണ് ഈ മേയറുടെ ഭരണകാലത്തു ചെന്നെത്തിയിരിക്കുന്നത്. മേയറുടെ കുറ്റംകൊണ്ടല്ലെന്ന് ഒരുപക്ഷേ പറഞ്ഞേക്കാം. സർ, മേയറുടെ നിരുത്തരവാദപരമായ പ്രവൃത്തിയുടെ ഫലമായി, വിദ്യുച്ഛക്തിവിളക്കുകൾപോലും കത്തുന്നില്ല. വിദ്യുച്ഛക്തി വിളക്കുകൾക്കു കാലുകൾ ഇടുന്നതിനോ നഷ്ടപ്പെടുന്ന ബൾബുകൾ മാറ്റിയിടുന്നതിനോ ഉള്ള നടപടികൾപോലും സ്വീകരിക്കുന്നില്ല. എറണാകുളം പട്ടണം ഒരു ഡീഫാക്റ്റോ തലസ്ഥാനമായി മാറിയിരിക്കുന്നു എന്നു പറയത്തക്കവണ്ണം അത്ര പ്രാധാന്യമുള്ള ഈ പട്ടണത്തെ ഭരിക്കാൻ യാതൊരു കഴിവോ യോഗ്യതയോ ഇല്ലാത്ത നിലയിലേക്കാണ് ഇന്ന് മേയറുടെ പ്രവർത്തനങ്ങൾ നീങ്ങിക്കഴിഞ്ഞിരിക്കുന്നത്. ഇത്തരത്തിലുള്ള മേയർക്ക് കാലാവധി നീട്ടിക്കൊടുക്കേണ്ടതില്ലെന്നു ഒരുപക്ഷേ ഒരു നീതിബോധത്തിന്റേയോ ധാർമ്മികബോധത്തിന്റേയോ ഒക്കെ ഫലമായിട്ട് ഈ ഗവൺമെൻറിനു തോന്നി. അങ്ങനെ തോന്നിയതിന്റെ അടിസ്ഥാനത്തിലാണ് കൗൺസിലിന്റെ കാലാവധി മാത്രം നീട്ടുകയും മേയറുടെയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടാതിരിക്കുകയും ചെയ്തത്. എന്നാൽ പിന്നീട് എന്തുണ്ടായി, ഈ മേയറുടെയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടുന്നതിന് പ്രേരകമായിട്ട് ആരായിരുന്നു അതിന്റെ പിന്നിൽ പ്രവർത്തിച്ചത്? ആ പ്രവർത്തിച്ച ആളുകൾ ഇന്നു മറുഭാഗത്തിരിക്കുന്ന ആളുകളാണ്. അവരാണ് ഇത്തരത്തിൽ ഒരു പ്രവൃത്തി നടത്തുന്നതിന് രാത്രിയിൽ ഇവിടെ എത്തുകയും മന്ത്രിമാരെയും മറ്റും സ്വാധീനിക്കുകയും ചെയ്തത്. അതിനുവേണ്ടി എല്ലാ വിധത്തിലും സ്വാധീനിക്കാൻ കഴിവുള്ളവരും അതിനുവേണ്ടി എന്തു ചെലവുചെയ്യാനും മടിയില്ലാത്തവരുമാണവർ.

LIBRARY ARCHIVES Kerala Legislative Assembly

നികുതിവെട്ടിപ്പിന്റെ തലപ്പത്തിരിക്കുന്ന മേയറുടെ കാലാവധിനീട്ടിക്കൊണ്ടുപോകാൻവേണ്ടി അർദ്ധരാത്രിയിൽ ഒർഡിനൻസ് പുറപ്പെടുവിച്ചു. തിരഞ്ഞെടുപ്പിനു നോട്ടീസുകൊടുത്തു. തിരഞ്ഞെടുപ്പു നടപടി തുടങ്ങുന്നതിനു മണിക്കൂറുകൾക്കുമുൻപ്, തിരഞ്ഞെടുപ്പു നടക്കാൻ 12 മണിക്കൂറുള്ളപ്പോൾ · ആണ് മേയറുടെയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടിക്കൊണ്ട് ഓർഡിനൻസ് എത്തിയത്. എന്തുകൊണ്ട് കൗൺസിലിന്റെ കാലാവധി നീട്ടിയ സന്ദർഭത്തിൽ മേയറുടെ കാലാവധി നീട്ടിയില്ല? പിന്നീടു നീട്ടാനുണ്ടായ കാരണമെന്താണ്? അതാണ് ഏറ്റവും മുഖ്യമായ പ്രശ്നം. ആ ഇരുട്ടറകളിലേക്ക് ഒന്നുവെളിച്ചം വീശാൻ ഞാനാഗ്രഹിക്കുന്നില്ല; വെളിച്ചം വീശിയാൽ, പറയാനും കേൾക്കാനും കൊള്ളാത്ത കാര്യങ്ങൾ പലതും അതിനകത്തു നടന്നിട്ടുണ്ട്. ഭരണകക്ഷിക്ക് അനുകൂലമോ പ്രതികൂലമോ എന്നുമാത്രമല്ല നോക്കേണ്ടത്. കേരളത്തിലെ രണ്ടു കോർപ്പറേഷനുകളിൽ ഇന്ന് തിരഞ്ഞെടുക്കപ്പെട്ട സമിതികൾ ഇല്ല. അവിടെ തിരഞ്ഞെടുക്കപ്പെട്ട സമിതികൾ പിരിച്ചുവിടാനുണ്ടായ കാരണം ഗവൺമെന്റുകക്ഷിക്ക് അവിടെ പ്രാതിനിധ്യം ലഭിക്കാൻ സാദ്ധ്യതയില്ലാതെ വന്ന സാഹചര്യം മാത്രമാണ്. ഇവിടെയും അങ്ങനെയുള്ള സാഹചര്യം ഉണ്ടാകുമെന്നുവന്നപ്പോഴാണ് നിലവിലുള്ള മേയറുടെയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടിക്കൊടുത്തത്. നിയമപ്രകാരം നീട്ടിക്കൊടുക്കുവാനുള്ള എന്തെല്ലാം അവകാശങ്ങൾ ഗവൺമെന്റിനു പറയാനുണ്ടെങ്കിലും വളരെ മോശപ്പെട്ട, വളരെ അപഹാസ്യമായ, പലതും മേയറുടെ കാലാവധി നീട്ടുന്നതിന്റെ പിന്നിൽ ഉണ്ടായിട്ടുണ്ട്. നികുതിവെട്ടിപ്പിനെപ്പറ്റി ഞാൻ നേരത്തെ പറഞ്ഞു. പത്രപ്രസ്താവനകൾ വന്നിട്ടുണ്ട്. നോട്ടീസുകൾ അച്ചടിച്ചു വിതരണം ചെയ്തിട്ടുണ്ട്. പൊതുയോഗങ്ങൾ നടന്നിട്ടുണ്ട്. നികുതിവെട്ടിപ്പിന്റെ ഒരു കേന്ദ്രമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. മേയർ ആണ് അതിനു കൂട്ടുനിൽക്കുന്നതും പിൻതുണനൽകുന്നതും. ശ്രീമാൻ ഹർഷൻ ഇവിടെയില്ല അദ്ദേഹം കൗൺസിലറാണ്. ഉണ്ടായിരുന്നെങ്കിൽ മേയറും കൂടെ നിൽക്കുന്നവരും നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം കൂടുതൽ കാര്യങ്ങൾ സംസാരിക്കുമായിരുന്നു. കൗൺസിലിന്റെ കാലാവധി നീട്ടിക്കൊടുത്തതിൽ അദ്ദേഹം പ്രതിഷേധിച്ചിട്ടുണ്ട്. ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട സീതി ഹാജി ചോദിക്കാറുള്ളതുപോലെ ചോദിച്ചേക്കാം രാജിവച്ചുകൂടേഎന്ന്. കൗൺസിലിന്റെ കാലാവധി നീട്ടിക്കൊടുത്തതിൽ പ്രതിഷേധമുണ്ടെങ്കിൽ രാജിവയ്ക്കുക മാത്രമല്ല പ്രതിവിധി. എന്തുകൊണ്ടു നീട്ടിക്കൊടുത്തു എന്നുള്ളതാണ് പ്രശ്നം. നീട്ടിക്കൊടുക്കലിനെതിരായിട്ട് കേരളത്തിലാകെ അലയടിച്ചുയർന്നിട്ടുള്ള ജനവികാരമുണ്ട്. അപ്പോൾ പ്രതിപക്ഷക്കാരായ കൗൺസിലർമാർ രാജിവച്ച് പ്രതിഷേധം പ്രകടിപ്പിക്കുകയാണോ വേണ്ടത് അതോ മറ്റെതെങ്കിലും തരത്തിൽ ബഹുജനങ്ങളുടെ ശ്രദ്ധയാകർഷിച്ച് ബഹുജനസമ്മർദ്ദത്തിന്റെ ഒരു ഘട്ടത്തിൽ രാജിവയ്ക്കുകയാണോ എന്നുള്ളത് ഓരോ പ്രതിപക്ഷകക്ഷിയുടെയും അടവുമായി, സമരങ്ങളുടെ പ്രവർത്തനവുമായി, ബന്ധപ്പെട്ടതാണ്. അല്ലാതെ ആർക്കെങ്കിലും പ്രതിഷേധമുള്ള ഒരു പ്രശ്നം വന്നാൽ ഉടനെ രാജിവയ്ക്കുകമാത്രമല്ല. ഉടനെ രാജിവയ്ക്കണമോ അതോ ഏതാനും മണിക്കൂർ കഴിഞ്ഞിട്ടു രാജിവയ്ക്കണമോ അതോ ഉത്തരവു പുറപ്പെടുവിച്ചവരെത്തന്നെ ആദ്യം പുറത്താക്കണമോ എന്നുള്ള പ്രശ്നങ്ങളെല്ലാം ചില പ്രക്ഷോഭണസമരങ്ങളുടെ ഭാഗമായി വരേണ്ട കാര്യങ്ങളാണ്. തീർച്ചയായും, പ്രതിപക്ഷകക്ഷികളെന്ന നിലയ്ക്ക് എന്റെ പാർട്ടിയട

LIBRARY ARCHIVES Kerala Legislative Assembly

ക്കമുള്ള കക്ഷികളും ആ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇന്ന്, 15-ാം തീയതി, ഈ ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് കേരളവ്യാപകമായി ജില്ലാ താലൂക്കു തലസ്ഥാനങ്ങളിലും സെക്രട്ടേറിയറ്റുപടിക്കലും വൻപിച്ച പിക്കറ്റിംഗ് നടക്കുകയാണ്. പ്രക്ഷോഭണത്തിന്റെ നാന്ദി എന്ന നിലയ്ക്ക്. ആ പരിപാടികളും ആരംഭിക്കുകയാണ്. ആ പ്രക്ഷോഭണത്തിന്റെ ഒരു ഘട്ടത്തിൽ രാജിവയ്ക്കലും അതിനുപരിയുള്ള നടപടികളും ഒരുപക്ഷേ വേണ്ടിവന്നുവെന്നു വരാം. അതെല്ലാം മുൻകൂട്ടി ഇന്ന മാസം ഇത്രാംതീയതി എന്നു പറയാൻ സാദ്ധ്യമല്ല.

സർ, ഈ കൗൺസിലിന്റെ കാലാവധി നീട്ടുന്നതിൽ പൊതുവിൽ ഞങ്ങളും എതിരാണെന്നുള്ള കാര്യം ഇതിനുമുമ്പുതന്നെ തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് മുനിസിപ്പൽ കോർപ്പറേഷന്റെ കാലാവധി നീട്ടുന്നതിനെ ഞങ്ങളും അനുകൂലിക്കുന്നില്ല. പക്ഷെ കോർപ്പറേഷൻ കൗൺസിലിന്റെ കാലാവധി നീട്ടി കൊടുത്തതും മേയറുടേയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടി കൊടുക്കുന്നതും ഒരു മിച്ചായിരുന്നെങ്കിൽ അതിനെപ്പറ്റി മറ്റ് വിധത്തിൽ വ്യാഖ്യാനിക്കാമായിരുന്നു. നേരെമറിച്ച് ഇന്ന് അങ്ങനെയല്ല നടന്നിരിക്കുന്നത്. ഈ കാര്യത്തെ സംബന്ധിച്ച് കൂടുതൽ പറഞ്ഞതുകൊണ്ടൊന്നും യാതൊരു പ്രയോജനവും ഇല്ല. അപ്പുറത്തിരിക്കുന്ന ആളുകളിലും ഈ കാര്യത്തിൽ മനഃസാക്ഷിക്കുത്തുള്ളവർ ഉണ്ടെന്നുള്ള കാര്യം എനിക്കറിയാം. ചിലരാണെങ്കിൽ മുതലയുടെ പുറത്ത് തവള ഇരിക്കുന്നതുപോലെ ഇരുന്നുകൊണ്ട് ഞാനും മുതലയച്ചനും കൂടി ആടുപിടിച്ചു എന്നു പറയുന്നതുപോലെ അവകാശവാദം ഉന്നയിക്കുന്നവരാണ്. മുനിസിപ്പൽ തിരഞ്ഞെടുപ്പായാലും പഞ്ചായത്ത് തിരഞ്ഞെടുപ്പായാലും ഒരു പഞ്ചായത്ത് വാർഡിലേക്കുള്ള തിരഞ്ഞെടുപ്പായാലും നടക്കുന്നു എന്നുകേട്ടാൽ 9 ദിവസം പണിക്കുന്ന കക്ഷികളും ഇവിടെ ഉണ്ട്. അത്തരം ചില ആളുകളെ സംബന്ധിച്ചിടത്തോളം ഈ തിരഞ്ഞെടുപ്പ് നീട്ടി കൊണ്ടുപോവുകയെന്നുള്ള ദൃഢവ്രതമാണുള്ളത്. അവരുടെ ജീവിതം തന്നെ ജനാധിപത്യത്തെപ്പറ്റി പറയുകയും തിരഞ്ഞെടുപ്പ് നീട്ടുകയും ചെയ്യുകയെന്നുള്ളതാണ്. തിരഞ്ഞെടുക്കപ്പെട്ടവർ ജനാധിപത്യവാദികളല്ലേയെന്നാണ് ഇവർ ചോദിക്കുന്നത്. ഇവരുടെ നേതാവായ സഞ്ജയ്ഗാന്ധിയും രജനി പട്ടേലുമെല്ലാം ബോംബെയിൽ ഒരു പൊതുയോഗത്തിൽപറഞ്ഞത് തിരഞ്ഞെടുപ്പെന്നു പറഞ്ഞാൽ ഒരിക്കൽ തിരഞ്ഞെടുത്താൽ 5 വർഷമേ ആകാവൂയെന്നില്ലെങ്കിലും പത്തും പതിനഞ്ചും വർഷം കഴിഞ്ഞാലും അപകടമൊന്നുമില്ലെന്നുമാണ്, അതുകൊണ്ടാണ് ഇൻഡ്യയിലെ തിരഞ്ഞെടുപ്പ് പത്ത് പതിനഞ്ച് വർഷത്തേയ്ക്ക് മാറ്റിവയ്ക്കണമെന്ന് ഇവർ പറഞ്ഞത്. അതിനു പരവതാനി വിരിച്ചവർ അവർക്ക് ഹലേലൂയ പാടിയവർ തിരഞ്ഞെടുപ്പു നീട്ടുന്നതിൽ ജനാധിപത്യ വിരുദ്ധമായ യാതൊന്നും കാണുകയില്ല. അവർക്കുവേണ്ടി ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചിട്ടുള്ളതിന്റെ കണക്ക് ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ അസംബ്ലികളിലും മറ്റും പുറത്തുവരാൻ തുടങ്ങിയിട്ടുണ്ട്. മുസ്ലീം ലീഗിന്റെ പ്രമേയത്തെപ്പറ്റി ശ്രീ. കോയയും സീതിഹാജിയും എന്തെല്ലാം പറഞ്ഞാലും പത്രങ്ങളിൽ വായിച്ചതാണ്. അവർക്ക് വേണമെങ്കിൽ ഇങ്ങനെയൊരു പ്രമേയം പാസ്സാക്കിയിട്ടില്ലെന്ന് നിഷേധിക്കാമായിരുന്നു. എന്നു മാത്രമല്ല മുസ്ലീംലീഗ് ഈ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നതിന് എതിരാണെന്നുള്ളതിന് ഏറ്റവും വലിയ തെളിവ് ശ്രീ. അവുക്കാദർകുട്ടിനഹാ സഭയിൽ വരാതിരിക്കുന്നത് തന്നെയാണ്. അദ്ദേഹത്തിന് അസുഖമാണെന്നുള്ള വിവരം എല്ലാവർക്കും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ ഭരണബില്ലിന്റെ ചെയർമാനെന്നുള്ള നിലയിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ആ ബിൽ നിയമസഭയിൽ പൈലറ്റ് ചെയ്യാൻ അദ്ദേഹത്തിന് ആഗ്രഹം ഇല്ലാത്തതുകൊണ്ടല്ല, അദ്ദേഹം ഈ നിയമസഭയ്ക്ക് കൊടുത്തവാക്ക് പാലിക്കാൻവേണ്ടിയാണ് അവധി എടുത്തിരിക്കുന്നത്. എനിക്ക് ഒട്ടും ബഹുമാനക്കുറവ് കൊണ്ടല്ല, വളരെ കൂടുതൽ ബഹുമാനത്തോടുകൂടിതന്നെ പറയുകയാണ് അദ്ദേഹത്തിന്റെ സത്യസന്ധത ഇനിയും ചോദ്യം ചെയ്യപ്പെടാൻ ഇടയുണ്ടല്ലോ എന്ന് വിചാരിച്ചാണ് അദ്ദേഹം ഹാജരാകാതിരിക്കുന്നത്. അദ്ദേഹത്തിന്റെ പാർട്ടിക്കും ഈ കാര്യത്തിൽ കുറച്ച് നിർബന്ധം ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്. മറുഭാഗത്ത് ആരുമില്ലാത്ത ഒരു കൂട്ടം ആളുകളെ ചുമന്നുകൊണ്ട് നടക്കേണ്ട ബാദ്ധ്യത ഇവർക്കില്ലേ. അവരെ രക്ഷിക്കാനുള്ള ബാദ്ധ്യത ഉള്ളതുകൊണ്ട് അവരും അതിൽ തൂങ്ങി നടക്കുകയാണ്. അതുപോലെ മറ്റ് ചില കക്ഷികളും അവിടെ കാണും. മുഴുവൻ കക്ഷികളും ഇതുപോലുള്ള തോന്ന്യാസങ്ങൾക്ക് അനുകൂലിക്കുന്നവരാണെന്ന് ഞങ്ങൾ പറയുന്നില്ല. അനുകൂലിക്കാൻ നിർബന്ധിതരാകുന്നു. ശ്രീ. കോയ ബിൽ അവതരിപ്പിച്ചുകൊണ്ട് പ്രത്യേക സാഹചര്യം എന്നു പറഞ്ഞു. ആ പ്രത്യേക സാഹചര്യം അതുതന്നെയാണെന്ന് ഞങ്ങൾക്കറിയാം. ആ പ്രത്യേക സാഹചര്യം വിശദീകരിക്കാൻ ഒക്കുകയില്ല. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. മുനിസിപ്പൽ കൗൺസിലുകളുടെ കാലാവധി നീട്ടിയ കൂട്ടത്തിൽ മേയറുടേയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടിയിരുന്നുവെങ്കിൽ ആ വിശദീകരണം അംഗീകരിക്കാമായിരുന്നു. മറിച്ച് മേയറേയും ഡെപ്യൂട്ടി മേയറേയും ആ കൂട്ടത്തിലുൾപ്പെടുത്താതെ തിരഞ്ഞെടുപ്പിന്റെ തലേദിവസം രാത്രി മേയറുടേയും ഡെപ്യൂട്ടി മേയറുടെയും കാലാവധി നീട്ടിക്കൊടുക്കണമെന്നുള്ള ഗവൺമെന്റിന്റെ ഓർഡിനൻസ് നിന്ദ്യവും നീചവും ആയിപ്പോയിയെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനകത്ത് അഴിമതിയുടെ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാര്യത്തിന്റെ നാറുന്ന കുറെയേറെ ഉള്ളടക്കമാണുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്ന് വ്യക്തമാക്കണം. അതുകൊണ്ടാണ് ഈ കൗൺസിലിന്റെ കാലാവധി നീട്ടികൊടുക്കുന്നതിനുള്ള ബില്ലിനെ ഇതിനുമമ്പു എതിർത്തതിന്റെ താഴെ ഡിറേറാ ഇട്ട് അടിച്ചാൽ മതി. ഇവിടെ നടന്നിട്ടുള്ള കുറെയേറെ സംഭവങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടെ കൂടുതൽ വിശദീകരിക്കാൻ മനസ്സിൽ ആഗ്രഹമുണ്ടെങ്കിലും അത് ഈ നാട്ടിലെ മുഴുവൻ ജനങ്ങൾക്കും അറിയാമെന്നുള്ളതുകൊണ്ട് കൂടുതൽ വിശദീകരിക്കുന്നില്ല. ഈ ബില്ലിനെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. പി. കുര്യൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ലിനെ എന്തുകൊണ്ട് എതിർക്കുന്നുഎന്ന് എനിക്കു മുമ്പ് സംസാരിച്ച ശ്രീ. എസ്തോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനേറയും കാലാവധി നീട്ടുന്നതിനെ സ്പറ്റി പൊതുവായി എതിർപ്പുണ്ട്. അതിനുപരിയായി കൊച്ചിൻ കോർപ്പറേഷന്റെ കാലാവധി നീട്ടലിന് വളരെ പ്രാധാന്യമുണ്ട്. വളരെ നാടകീയമായി അതിന്റെ മേയറുടേയും ഡെപ്യൂട്ടി മേയറുടേയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടേയും എല്ലാം കാലാവധി നീട്ടിയതിൽ ജുഗുപ്സാവഹമായ ചില കാര്യങ്ങൾ അടങ്ങിയിട്ടുള്ളതുകൊണ്ട് മാത്രമാണ് ഈ ബില്ലിനെ പ്രത്യേകമായും അതിശക്തമായി എതിർക്കുന്നു എന്ന് പറഞ്ഞത്. കൊച്ചിൻ കോർപ്പറേഷന്റെ ഭരണത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം ഇതിനുമുമ്പും പലപ്പോഴും ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിന്റെ കാലത്തു തന്നെ വളരെ തീഷ്ണമായ അഭിപ്രായവ്യത്യാസങ്ങളും സഭയിലെല്ലാഭാഗത്തുനിന്നും ഉള്ള ആളുകളും കൊച്ചിൻ കോർപ്പറേഷന്റെ ഭരണത്തെ സംബന്ധിച്ചിടത്തോളം പ്രകടിപ്പിച്ചിട്ടുണ്ട്. സർ, ഞാൻ ഒരു കാര്യം ഓർക്കുകയാണ്. ഇന്നിപ്പോഴും ഈ ഗവൺമെന്റിന്റെ മന്ത്രിമാരായ എന്റെ ബഹുമാന്യ സുഹൃത്തുക്കളായ ശ്രീ. എ.എൽ. ജേക്കബും ശ്രീ. എം.കെ. രാഘവനും ,കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ കൊച്ചിൻകോർപ്പറേഷൻ മേയർ ശ്രീ. ശേഷാദ്രി നടത്തിയ അഴിമതികളെക്കുറിച്ചും അദ്ദേഹത്തിന്റെ ദുർഭരണത്തെക്കുറിച്ചും വളരെ ശക്തമായ ഭാഷയിൽ അഭിപ്രായങ്ങളും പ്രകടിപ്പിച്ചിട്ടുള്ള ആളുകളാണ്. അതെല്ലാം നിയമസഭാ പ്രൊസീഡിംഗ്സിൽ ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ അതെല്ലാം പരിശോധിക്കാം. ശ്രീമാൻ ജേക്കബും ശ്രീ. രാഘവനും ഇവിടെ ഇല്ല. അവർക്ക് ആർക്കുംതന്നെ ഈ പറയുന്ന കാര്യം നിഷേധിക്കാൻ സാധിക്കുകയില്ല. ഇവിടെയുള്ള മിക്കവാറും എല്ലാ രാഷ്ട്രീയകക്ഷികളിൽപ്പെട്ട ആളുകളും കൊച്ചിൻ കോർപ്പറേഷനിൽ നടക്കുന്ന അഴിമതികളെപ്പറ്റി വളരെയേറെ പ്രതിഷേധിച്ചിട്ടുള്ളവരാണ്. അവിടെ പൊതുജനങ്ങളുടെ നൻമയ്ക്കുവേണ്ടിയുള്ള യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ചോദിക്കുമായിരിക്കും നിങ്ങളുടെ ആൾ ആയിരുന്നില്ലേ എന്ന്, ഈ രാജ്യത്ത് അടിയന്തിരാവസ്ഥയ്ക്ക് മുമ്പ് അദ്ദേഹവും ഞങ്ങളുമായി ചില ധാരണകളും ഉണ്ടായിരുന്നു. അതെല്ലാം പരസ്യമായി പറയുന്നതിന് യാതൊരു തർക്കവുമില്ല. ഞങ്ങളെല്ലാം കൂടിയാണ് അദ്ദേഹത്തെ മേയറാക്കിയത്. ഞങ്ങളും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും വീക്ഷിച്ചു. അദ്ദേഹം ഞങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങളുടെ അടിസ്ഥാനത്തിൽ കൊച്ചിൻ കോർപ്പറേഷൻ മേയർ എന്നുള്ള നിലയിൽ ഭരണം കൊണ്ടുപോകുന്നില്ലെന്നും അഴിമതിക്ക് കൂട്ടുനിൽക്കുകയാണെന്നും കൊച്ചിൻകോർപ്പറേഷൻ നഗരവാസികളുടെ ഉത്തമ താൽപ്പര്യങ്ങൾക്കെതിരായ നടപടികളും സ്വീകരിക്കുന്നു എന്നും ബോധ്യമായപ്പോൾ മുതൽ തന്നെ ഞങ്ങൾ അദ്ദേഹത്തെ വിമർശിക്കാൻ തുടങ്ങി. അപ്പുറത്ത് ആൻറണി കോൺഗ്രസ്സിലുള്ള മന്ത്രിമാരായിരിക്കുന്ന ഇന്നത്തെ ആളുകൾക്കുപോലും ആ കാര്യം തുറന്ന് സമ്മതിക്കേണ്ടതായി വന്നിട്ടുണ്ട്. അത്രയേറെ അഴിമതികൾക്ക് വിധേയനാണെന്ന് സഭയിൽ മാത്രമല്ല, രാജ്യത്ത് മുഴുവൻ അഭിപ്രായം ഉയർന്നുവന്നിട്ടുള്ള ഒരു മേയറുടെ, കൊച്ചിൻ കോർപ്പറേഷൻ കൗൺസിലിന്റെ കാലാവധി ഇതിനുമുമ്പുള്ള നീട്ടലിന്റെ അടിസ്ഥാനത്തിൽ 1978 നവമ്പർമാസം 1–ാം തീയതി തീരുകയാണ്. 1–ാം തീയതിക്കുമുമ്പ്തന്നെ അതായത് ഒക്ടോബർ മാസം അവസാനം തന്നെ കൗൺസിൽ അംഗങ്ങളുടെ കാലാവധി നീട്ടികൊണ്ടുള്ള ഓർഡിനൻസ്, Oridinance of 24th August 1978 വീണ്ടും ഇറക്കി.

[Shri T. M. Jacob in the chair]

അതോടൊപ്പംതന്നെ കാലാവധി നീട്ടിക്കഴിഞ്ഞു. ആ ഓർഡിനൻസിൽ മേയറുടേയോ ഡെപ്യൂട്ടി മേയറുടേയോ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരുടേയോ കാലാവധി നീട്ടുന്നതിന് വ്യവസ്ഥയില്ല. എന്നാൽ അത് സ്വാഭാവികമായും നടന്നു. കൊച്ചിൻ കോർപ്പറേഷൻ കൗൺസിൽ അംഗങ്ങളുടെ കാലാവധി നീട്ടിയ പരിതഃസ്ഥിതിയിൽ മേയർ മേയറല്ലാതായിത്തീർന്നു. എന്നാൽ കമ്മീഷണർ കോർപ്പറേഷന്റെ പുതിയ മേയറേയും ഡെപ്യൂട്ടി മേയറേയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരേയും തിരഞ്ഞെടുക്കുന്നതിനുള്ള തീയതി നിശ്ചയിച്ചുകൊണ്ട് നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

ഇട്ടു. അങ്ങനെ നവമ്പർ 16–ാം തീയതി കൊച്ചിൻ കോർപ്പറേഷന്റെ മേയറേയും ഡെപ്യൂട്ടി മേയറേയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ മാരേയും തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചു. അങ്ങനെ അതിനുള്ള നോട്ടീസ് ഇഷ്യൂ ചെയ്തു ക്രമപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടത്താൻ എല്ലാ നടപടികളും പൂർത്തികരിക്കുമ്പോഴാണ് വളരെ നാടകീയമായി 15–ാം തീയതി സബ്സിക്വൻറ് ആയിട്ട് വേറെ ഒരു ഓർഡർ പുറപ്പെടുവിച്ചത്. തിരഞ്ഞെടുപ്പ് നടക്കുന്നതിന് കഷ്ടിച്ച് പത്ത് പതിനാറ് മണിക്കൂർ മുൻപ് 44–ാം നമ്പർ ഓർഡിനൻസിലെ വ്യവസ്ഥയ്ക്ക് വിപരീതമായി മേയർ അല്ലാതായിതീർന്ന ശേഷാദ്രിയെ പിൽക്കാല പ്രാബല്യത്തോടുകൂടി 1978 നവമ്പർ 1–ാം തീയതിമുതൽ വീണ്ടും മേയറായി അവരോധിച്ചുകൊണ്ടും ഡെപ്യൂട്ടി മേയറേയും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാരേയും ആ സ്ഥാനങ്ങളിൽ പിൽക്കാലപ്രാബല്യത്തോടുകൂടി അവരോധിക്കുകയും ചെയ്തുകൊണ്ടും വീണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചു. ഏതാണ്ട് കാളാശ്ശേരിബില്ലിന്റെ മാതൃകയിലുള്ള ആക്ഷേപകരമായ ഒരു ഓർഡിനൻസാണ് കൊണ്ടുവന്നത്. എന്താണ് അതിന്റെ സാഹചര്യം. ഇവിടെ എത്ര നീട്ടലുകളാണ് നടക്കുന്നത്. നവംബർ 1–ാം തീയതിയോടുകൂടി മുനിസിപ്പൽ കൗൺസിലർമാരുടെ കാലാവധി തീരുകയാണ്. ആ കൂട്ടത്തിൽ കൊച്ചിൻ മേയറുടേയും കാലാവധി നീട്ടിക്കൊണ്ട് ഓർഡിനൻസ് വന്നിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു; ഇത് നീട്ടലിന്റെ കൂട്ടത്തിൽ വന്നതാണ് എന്ന്. അന്നു നീട്ടിയില്ല. അന്നു നീട്ടാതിരിക്കുവാൻ ഉള്ള കാരണം ഭരണകക്ഷിയിലെ ചില ആളുകൾക്ക് അഭിപ്രായവ്യത്യാസമുണ്ടായി. ശേഷാദ്രിയുടെ ഭരണം അവസാനിപ്പിക്കണമെന്ന്. എന്നാൽ ഇന്നു ഈ ഗവൺമെൻറിന് അതിൽ താൽപ്പര്യമുണ്ടായിരിക്കുകയാണ്. ഇപ്പോഴെന്തുകൊണ്ടാണ് ഇങ്ങനെ ഒരു മാറ്റത്തിനുണ്ടായ കാരണം എന്ന് അറിയാമോ? മാറ്റത്തിനുണ്ടായ പ്രധാനപ്പെട്ട കാരണം ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ പാർട്ടിയുടെ നേതാവായ ഹംസക്കുഞ്ഞിന്റെ പ്രേരണകൊണ്ടാണ്. സർ, ശ്രീ. ഹംസക്കുഞ്ഞിന്റെ പ്രേരണകൊണ്ടാണെന്ന കാര്യം ഞാൻ ആരോപിക്കപ്പെടുകയാണ്. ശ്രീ. ഹംസക്കുഞ്ഞ് എന്നു പറയുന്ന ആൾ ലീഗിലെ നേതാവാണ്. ശ്രീ. ശേഷാദ്രി എത്ര പണം വേണമെങ്കിലും ചെലവഴിക്കുവാൻ തയ്യാറാണ്. അതെല്ലാം കൊച്ചിൻ നഗരത്തിൽ പ്രസിദ്ധമാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ഈ സഭയിൽ ഇല്ലാത്ത ഒരാളെപ്പറ്റി പരാമർശിക്കുക മാത്രമല്ല, കുറ്റാരോപണത്തിലൂടെ രാഷ്ട്രീയാഴിമതി നടത്തി എന്നു പറയുന്നത് ഓർഡറിലാണോ?

ശ്രീ. എ. പി. കുര്യൻ: സർ, ഞാൻ ഇവിടെ പറഞ്ഞത് ഈ രാജ്യത്തുള്ള പത്രങ്ങളിൽ വന്ന കാര്യങ്ങളാണ്. ഉത്തരവാദപ്പെട്ട കൗൺസിൽ അംഗങ്ങൾ വിശദമായി ചർച്ച ചെയ്തതാണ്. ഞാൻ ഇതിനെക്കുറിച്ച് ഇവിടെ ആദ്യമായി പറയുന്നതല്ല. കൊച്ചിൻ കോർപ്പറേഷനിൽ തന്നെ ഇതിന്റെ രേഖകളുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: എത്ര രൂപ വേണമെങ്കിലും ചെലവഴിക്കുവാൻ തയ്യാറാണ് ശ്രീ. ശേഷാദ്രിയെന്നു ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചല്ലോ. ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയാണ് ആദ്യം അദ്ദേഹത്തെ ചെയർമാനാക്കിയത് എന്നുള്ള വസ്തുത അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പി. കുര്യൻ: ആ കാര്യത്തെക്കുറിച്ചെല്ലാം പറഞ്ഞു കഴിഞ്ഞു. ഇങ്ങനെയുള്ള ഒരാളെ ഞങ്ങളുടെ പാർട്ടി സെലക്ട് ചെയ്തുവെന്നുള്ളതുകൊണ്ട് അയാൾ പിന്നീട് എന്തെല്ലാം തെറ്റുകൾ ചെയ്താലും അതെല്ലാം അംഗീകരിച്ചുകൊടുക്കുന്ന പാരമ്പര്യം ഞങ്ങൾക്കില്ല. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. അഴിമതിയുടെ ചെളിക്കുണ്ടിൽ വീണാൽ അവരെ തള്ളിപ്പറയാനും ജനമദ്ധ്യത്തിൽ ഒറ്റപ്പെടുത്തുവാനും ഉള്ള ഔചിത്യം കാണിക്കുവാൻ തയ്യാറാണ്; അത് കാണിച്ചിട്ടുമുണ്ട്. ശ്രീ. ഹംസക്കുഞ്ഞ് ഇടപെട്ടതുകൊണ്ടാണ് ഇത്രയും പെട്ടെന്നു കാര്യങ്ങൾ നടന്നത്. അല്ലെങ്കിൽ ഇത്രയും പെട്ടെന്നു ഇതുപോലൊരു തീരുമാനം എടുക്കുവാൻ സാധ്യമല്ല. സർ, ഇതിനകത്ത് രാഷ്ട്രീയാഴിമതി മാത്രമല്ല, സാമ്പത്തികാഴിമതിയും അടങ്ങിയിട്ടുണ്ട്. ശ്രീ. അഹമ്മദിനു വേണമെങ്കിൽ ഞാൻ ഇവിടെപറഞ്ഞ കാര്യങ്ങളെക്കുറിച്ച് പോയി അന്വേഷിക്കാം. എത്ര നാറിയതരത്തിലുള്ള വർത്തമാനങ്ങളാണ് ശ്രീ. ശേഷാദ്രിയെക്കുറിച്ച് അവിടെ പറയുന്നത്.

സർ, ശ്രീ. ശേഷാദ്രി നടത്തിയ അഴിമതിയുടെ കുറേയേറെ കഥകളുണ്ട്.

ചെയർമാൻ: സഭയിൽ ഇല്ലാത്ത ഒരു മെമ്പറെപ്പറ്റി അഴിമതിയാരോപണമുന്നയിക്കുന്നത് ശരിയല്ല.

ശ്രീ. എ. പി. കുര്യൻ: സർ, അതിന്റെ തെളിവ് സഹിതം തെളിയിക്കാൻ തയ്യാറാണ്.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു ചോദ്യം. ഇതൊക്കെ ആരോപിക്കപ്പെട്ടുകൊണ്ട് ശ്രീ. എം. എം. ലോറൻസ് ഹൈക്കോടതിയിൽ കൊടുത്ത ഹർജി ഹൈക്കോടതി തള്ളിക്കളഞ്ഞവിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എ. പി. കുര്യൻ: എല്ലാം ചെയ്യുന്നത് കോടതിവിധികളെ മാനിച്ചുകൊണ്ടല്ലേ. എന്നാൽ പിന്നെ ഈ സഭയുടെ ആവശ്യമില്ലല്ലോ. പല കോടതിവിധികളും ഉണ്ടായിട്ടുണ്ട്. കോടതിയിൽ ഇതൊന്നും പറഞ്ഞിട്ടില്ല.

1976-ൽ എറണാകുളത്ത് നെഹ്രു ട്രോഫി ഫുട്ബോൾ മത്സരം നടത്തി. അതിന്റെ പ്രസിഡന്റ് ശ്രീമാൻ ശേഷാദ്രി തന്നെയായിരുന്നു. അദ്ദേഹം പ്രസിഡന്റ് ആയിട്ടുള്ള ഒരു കമ്മിറ്റിയാണ് ഫുട്ബോൾ മൽസരം സംഘടിപ്പിച്ചത്. പഴയ കൂട്ടുകാർ ചേർന്ന് അമ്പതിനായിരം രൂപ നെഹ്രു ട്രോഫി ഫുട്ബോൾ മൽസരം നടത്തുന്നതിന് അഡ്വാൻസ് ആയിട്ട് കോർപ്പറേഷൻ ഫണ്ടിൽനിന്നും ചെലവഴിക്കുവാൻ അനുവാദം കൊടുത്തു. അതിന് പ്രത്യേക ഗവൺമെന്റ് ഓർഡർ ഉണ്ട്. സർ, ഇതൊക്കെ രേഖകളുള്ളതാണ്. വെറുതേ പറയുന്നതല്ല. അതിനെക്കുറിച്ച് എത്രവേണമെങ്കിലും തെളിയിക്കുവാൻ തയ്യാറാണ്. ഇതൊന്നും ഹൈക്കോടതിയിൽ ഉന്നയിച്ച ആരോപണങ്ങളല്ല. അമ്പതിനായിരം രൂപ കൊടുക്കുന്നതിന് ഗവൺമെന്റ് അനുമതി കൊടുത്തു. വർഷം മൂന്നുകഴിഞ്ഞു. ഇതിനെക്കുറിച്ച് പല പ്രാവശ്യം ചർച്ച വന്നു കൗൺസിലിൽ. ഗവൺമെന്റിന്റെ പല നിർദ്ദേശമുണ്ടായിട്ടും കോർപ്പറേഷന്റെ ഫണ്ടിൽനിന്നും ചെലവഴിച്ച പതിനെണ്ണായിരത്തിൽപരം രൂപ തിരിച്ചടയ്ക്കാതിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നെഹ്രുട്രോഫി ഫുട്ബാൾ മൽസരം നഷ്ടം ആയിരുന്നുവെന്നു ആരും തന്നെ പറയുന്നില്ല. കോർപ്പറേഷന്റെ പണം അപഹരിച്ചതിൽ പ്രധാന പ്പെട്ട പങ്ക് വഹിച്ചത് ശ്രീ. ശേഷാദ്രി ആണ്. ഇപ്പോഴും ഇവിടെ കൊണ്ടുവന്നിരിക്കുന്ന നിയമനിർമ്മാണം എന്തിനുള്ളതാണ്. ഈ പറഞ്ഞ ശേഷാദ്രിക്ക് കോർപ്പറേഷന്റെ ചെയർമാനായി തുടരുന്നതിന് അംഗീകാരം കൊടുക്കുന്നതിനുള്ളതാണ്.

അതുപോലെതന്നെ കോർപ്പറേഷന് പൊതുമരാമത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കുറേ ടിൻ ഷീറ്റ് ബാക്കിവന്നു. അതുപോലെ കാലിഡ്രമ്മുകളും ബാക്കിവന്നു. ടിൻ ഷീറ്റ് എല്ലാം ടെൻഡർ ചെയ്തു ലേലം ചെയ്തുകൊടുത്തു. ടെണ്ടർ നോട്ടീസിന്റെ കാര്യവും മറ്റുകാര്യങ്ങളും ഒന്നും സമയച്ചുരുക്കംകൊണ്ട് ഞാൻ പറയുന്നില്ല. ഈ ടെൻഡർ ഉറപ്പിക്കുന്നതിനുമുൻപ് 1140 ഷീറ്റ് വേറൊരു പ്രത്യേക വ്യക്തിക്ക് കൊടുക്കണമെന്നു കാണിച്ചുകൊണ്ട് മുനിസിപ്പൽ കൗൺസിലിനു ഡയറക്ഷൻ കൊടുത്തു. അത് കൊടുത്തവകയിൽ ഇന്നും പണം അടച്ചു തീർന്നിട്ടില്ല. ആ ഒരൊറ്റ കാര്യത്തിൽ കോർപ്പറേഷന് കിട്ടേണ്ടപണം അദ്ദേഹം തന്നെ കൂട്ടുനിന്നുകൊണ്ട് ഫലത്തിൽ അപഹരിച്ചിരിക്കുകയാണ്.

സർ, അദ്ദേഹത്തിന്റെ കുടുംബസ്വത്തായ കൃഷ്ണാ നേഴ്സിംഗ് ഹോം എറണാകുളത്തുണ്ട്. അതിനെക്കുറിച്ച് എല്ലാവർക്കും അറിയാം. കൃഷ്ണാ നേഴ്സിംഗ് ഹോമുമായി ബന്ധപ്പെട്ട നിരവധി സ്ഥാപനങ്ങളും വേറെയും ഉണ്ട്. കോർപ്പറേഷന് അടയ്ക്കേണ്ട നികുതിയിനത്തിൽ മാത്രം, എന്റെ അറിവ് ശരിയാണെങ്കിൽ ഏകദേശം 41,000-ൽ പരം രൂപ കുടിശ്ശികയാണ്. അങ്ങനെയുള്ള ശേഷാദ്രിയെ ഈ കോർപ്പറേഷന്റെ ചെയർമാനായി വീണ്ടും നീട്ടികൊടുക്കുന്നത് അപഹാസ്യമാണ്. അനാശാസ്യമാണ്. ഇത്തരത്തിലുള്ള നീട്ടലിൽ ഗൗരവമേറിയ എന്തോ ഒളിഞ്ഞിരിക്കുകയാണ്. എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിക്കുന്നതും ആണ്. ഇത് വേറെ ആർക്കും കഴിയുകയില്ല, ഈ ഗവൺമെൻറിന് മാത്രമേ കഴിയുകയുള്ളു. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, ഇത് ഒരിക്കലും അനുവദനീയമല്ലായെന്നാണ്. ഈ ബിൽ പിൻവലിക്കണം, ഈ സഭയിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതു തന്നെ സഭയുടെ അന്തസ്സിന് ചേരാത്തതാണ്. ഈ ബില്ലിനെ ഞാൻ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സേവ്യർ അറയ്ക്കൽ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ശ്രീ. എസ്തോസും ശ്രീ. കുര്യനും കൊച്ചിൻ കോർപ്പറേഷനിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായിട്ട് ഇവിടെ പറഞ്ഞു കഴിഞ്ഞു. ഞാൻ വേറൊരു വശംമാത്രം ചൂണ്ടിക്കാണിച്ചു കൊണ്ട് എന്റെ അഭിപ്രായം ചുരുക്കാം. 31.1.1979-ൽ ഈ ഗവൺമെൻറിൽനിന്ന് ഒരു നോട്ടീസ് അയച്ചു. ഈ കൗൺസിൽ പിരിച്ചുവിടുന്നതിന് എതിരായിട്ട് എന്തെങ്കിലും കാരണമുണ്ടെങ്കിൽ കാണിക്കണമെന്നു പറഞ്ഞുകൊണ്ടാണ് നോട്ടീസ് അയച്ചത്. ആ നോട്ടീസിൽ രണ്ട് കാരണങ്ങളാണ് പറഞ്ഞത്. ഒന്ന് 1978 നവമ്പർ മാസത്തിൽ ഒരു മീറ്റിങ്ങും അവിടെ നടന്നിട്ടില്ല. അതിന്റെ ഭരണച്ചുമതല വഹിക്കുന്നവർ കൃത്യവിലോപർ ആയിരുന്നുവെന്ന്. അത് തന്നെ ഡിസംബർമാസത്തിലും സംഭവിച്ചു. ഇത് 43 (എ) വകുപ്പനുസരിച്ച് പിരിച്ചുവിടത്തക്കതാണ്

12 Noon]

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരായി എന്തെങ്കിലും കാരണമുണ്ടെങ്കിൽ കാണിക്കണമെന്ന് പറഞ്ഞ് നോട്ടീസ് അയച്ചു. ആ നോട്ടീസിൽ പറഞ്ഞിരുന്നത് 20.2.1979-നുള്ളിൽ മറുപടി തരണമെന്നാണ്. മറുപടി തന്നില്ലെങ്കിൽ അതു പിരിച്ചുവിടുമെന്നാണ് പറഞ്ഞിട്ടുള്ളത്. 20.2.1979 കഴിഞ്ഞു. ഈ നോട്ടീസിൽ പറഞ്ഞപ്രകാരം ഗവൺമെൻറിനുതന്നെ പൂർണ്ണ ബോദ്ധ്യമുള്ളപ്പോൾ അത് പിരിച്ചുവിടേണ്ടതല്ലേ? നോട്ടീസിൽ പറഞ്ഞിരിക്കുന്നപ്രകാരം ഗവൺമെൻറ് എന്തുകൊണ്ട് പിരിച്ചുവിട്ടില്ല. അവിടെ ഭരണം നടക്കുന്നത് ഏതുപ്രകാരത്തിലാണെന്ന് എ.പി.കുര്യൻ പറഞ്ഞുകഴിഞ്ഞു. കൊച്ചിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ കോർപ്പറേഷൻ കൗൺസിലറും മേയറും ഒരു തീരാശാപമായിത്തീർന്നിരിക്കുകയാണ്, വമ്പിച്ച ഭാരമായിതീർന്നിട്ടുണ്ട്. അത് മാറ്റി എടുക്കുന്നതിനുവേണ്ടി ഈ ബില്ല് പ്രസ്സ് ചെയ്യാതെ പിരിച്ചുവിടണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. 16.11.1978-ൽ മേയറുടെയും ഡെപ്യൂട്ടി മേയറുടേയും തിരഞ്ഞെടുപ്പ് നടക്കേണ്ടതായിരുന്നു. അത് ഓർഡിനൻസ് 24 ഓഫ് 78 അനുസരിച്ച് നടത്തേണ്ടതായിരുന്നു. അതിന് തലേദിവസം 15.11.1978-ൽ ഈ ഓർഡിനൻസ് ഇറക്കി. അത് എന്ത് അർത്ഥത്തിലാണ്. അതിൽ പറഞ്ഞിരിക്കുന്നത് first day of November' 78 മുതൽ അതിന് പ്രാബല്യമുണ്ടെന്നാണ്. Deeming provision clause I, II അത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ആദ്യം ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അതനുസരിച്ച് കൗൺസിലർമാരുടെ ടേം എക്സ്റ്റൻറ് ചെയ്തു. മേയറേയും ഡെപ്യൂട്ടി മേയറേയും 16-ാം തീയതി തിരഞ്ഞെടുക്കേണ്ടതായിരുന്നു. 15-ാം തീയതി ഓർഡിനൻസ് ഇറക്കിക്കൊണ്ടു ഇപ്പോൾ നഗരവാസികൾക്ക് സ്വീകാര്യമല്ലാത്ത ഒരു മേയറുടേയും ഡെപ്യൂട്ടി മേയറുടേയും കാലാവധി നീട്ടിയത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഞാൻ അതിലേക്ക് കൂടുതൽ കടക്കുന്നില്ല. 31.1.1979-ലെ നോട്ടീസനുസരിച്ച് ഈ കൗൺസിൽ പിരിച്ചുവിട്ടുകൊണ്ട് നഗരവാസികൾക്ക് മോക്ഷം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി.ബാലൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഇവിടെ രണ്ടുമൂന്നുദിവസമായി നടന്ന നിയമനിർമ്മാണങ്ങളും തിരഞ്ഞെടുപ്പു നീട്ടിവയ്ക്കുന്നതിനുവേണ്ടിമാത്രമുള്ളതാണ്. അതിൽ നിന്നും അൽപ്പം വ്യത്യസ്തമായി മേയറുടേയും ഡെപ്യൂട്ടി മേയറുടേയും കാലാവധി നീട്ടികൊടുക്കുന്ന ബില്ലാണ് ഇത്. ആ കൗൺസിലിൽ ഡെപ്യൂട്ടി മേയറും മേയറും ആക്കാൻ വേറെ ആളില്ലേ? തിരഞ്ഞെടുപ്പു നടത്തുന്നതിനെക്കുറിച്ച് ഞങ്ങളുടെ ഭാഗത്തുനിന്നും പറഞ്ഞപ്പോൾ അപ്പുറത്തുനിന്നും മാത്യു പറഞ്ഞു കോർപ്പറേഷനിലെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും തിരഞ്ഞെടുപ്പു വരുന്നതിനുമുമ്പു തന്നെ നാലു ഉപതിരഞ്ഞെടുപ്പുകൾ ഉണ്ടാകും, ആ കുരുക്ഷേത്രത്തിൽവച്ച് കാണാം എന്നൊക്കെ. കുരുക്ഷേത്രത്തിൽ കാണാൻ ഒന്നുമില്ല. ഭാരതചരിത്രം പഠിച്ച ആളുകൾക്കു യുദ്ധത്തിൽ ക്ഷണിച്ചുവരുടെ കാര്യം എന്തായിയെന്നു അറിയാം. വാസുദേവൻനായർ ആകുന്ന ഭീഷ്മരും ബേബിജോണാകുന്ന ശല്യരും എ. കെ. ആൻറണിയാകുന്ന കർണ്ണനും കോയ ആകുന്ന ദ്രോണരുമൊക്കെ അവിടെ കഴുത്ത് അറ്റു വേറെ വേറെ കിടക്കുന്ന കാഴ്ച നാലു ഉപതിരഞ്ഞെടുപ്പുകൾ കഴിഞ്ഞാൽ കാണാം. വേറൊരു യുദ്ധമുണ്ട്. നരകാസുരയുദ്ധം. നരകാസുരനും കൃഷ്ണനും കൂടി യുദ്ധംചെയ്തിട്ട് അവസാനം അസുരൻ പരാജയപ്പെടുമെന്ന് തോന്നിയപ്പോൾ നരകാസുരൻറെ മാതാവ് ഒരു വിദ്യ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. ഭാര്യ ഉടുതുണി അഴിച്ചു നഗ്നയായിവന്നുനിന്നപ്പോഴാ ഭഗവാൻ നാണംകൊണ്ടു കണ്ണുപൊത്തി, നരകാസുരൻ ഒളിച്ചോടി എന്നാണ് കഥ. നരകാസുരന്റെ ഭാഗത്തുനിന്നും തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടു പോകുന്ന കക്ഷി അവസാനം കൃഷ്ണൻ കണ്ണുപൊത്തുമ്പോഴാ അപ്പുറത്തിരിക്കുന്ന മാത്യുവിന്റെ പാർട്ടിയും. ഭരണകക്ഷിയിലിരിക്കുന്ന പല പാർട്ടികളും നരകാസുരനെപ്പോലെ ഒളിച്ചോട്ടം നടത്തരുതെന്നേ പറയാനുള്ളു. മുണ്ടു അഴിച്ചിട്ടാൽ നാണമുള്ളവർ കണ്ണുപൊത്തും. ആ ഭാഗത്തിരിക്കുന്ന പല മെമ്പർമാരും കഴിഞ്ഞ കാലങ്ങളിൽ ഉടുവസ്ത്രം ഇല്ലാതെയാണ് നടന്നിരുന്നതെന്ന് പറയുകയുണ്ടായി. ഉടുവസ്ത്രം ഇല്ലാതിരുന്ന കാലത്ത് ചില അബദ്ധങ്ങളാം ചെയ്തുപോയിരുന്നെങ്കിലും ഇന്നു ഉടുവസ്ത്രം ഇല്ലാതെകണ്ടാൽ ആ കാണുന്നനേരത്തു എന്തെങ്കിലും തെറ്റ് ചെയ്താൽ കണ്ടവർ വലിയ കുഴപ്പമൊന്നും പറയരുത്.

ശ്രീ. എം.വി. രാഘവൻ: ഉടുവസ്ത്രം അഴിച്ചാൽ നാണമുള്ള വരല്ലേ കണ്ണുപൊത്തുകയുള്ളു. നാണമില്ലാത്തവർ എങ്ങനെയാണ് കണ്ണുപൊത്തുക?

ശ്രീ. പി.ബാലൻ: നാണമുള്ളവർ ഇതെല്ലെന്നുള്ള കാര്യം സമ്മതിച്ചു. പക്ഷേ ഏതൊക്കെ പറഞ്ഞാലും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി.എച്ച്. മുഹമ്മദുകോയയെ എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. കാരണം, ഈ സന്ദർഭത്തിൽ 22 പ്രാവശ്യം പഞ്ചായത്തു തിരഞ്ഞെടുപ്പുകളും അനേകം പ്രാവശ്യം കോർപ്പറേഷൻ മുനിസിപ്പൽ തിരഞ്ഞെടുപ്പുകളും നീട്ടിവച്ചതിനുശേഷം അദ്ദേഹത്തിന്റെ പാർട്ടിയുടെ ശാസനത്തിനുവേണ്ടി അച്ചടക്കമുള്ള ഒരു പ്രവർത്തകൻ എന്ന നിലയിൽ നിയമസഭയെ നേരിടാൻ ധൈര്യം ഉണ്ടായല്ലോ? അതിന് അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാൻ പറ്റുകയില്ല. അത് ഏതായാലും ഒരു അച്ചടക്കമുള്ള പാർട്ടി പ്രവർത്തകന്റെ ചുമതലയാണ്, അത് നന്നായി എന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷേ എനിക്ക് പറയാനുള്ളത് ചില വ്യക്തികൾക്ക് മാത്രം ഈ രംഗത്ത്, ഇത്ര അനിവാര്യരാണോ ഒരു കോർപ്പറേഷനിലെ രണ്ടു വ്യക്തികൾ? കോർപ്പറേഷനിലെ തിരഞ്ഞെടുപ്പുകൾ കേവലം ആറു മാസക്കാലത്തേക്ക് ഭരണസൗകര്യത്തിനുവേണ്ടി മാറ്റിവയ്ക്കാമെന്നുള്ള അവസരം ദുരുപയോഗപ്പെടുത്താനിവേണ്ടി ഈ കഴിഞ്ഞ പത്തിരുപത്തിരണ്ടു പ്രാവശ്യം നീട്ടിവയ്ക്കുക വഴി കേവലം ഭരണസൗകര്യത്തിനുവേണ്ടി ആറുമാസക്കാലത്തേക്ക് തിരഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കാമെന്നുള്ള വ്യവസ്ഥ ഇത്രമാത്രം ലംഘിക്കപ്പെടുകയും ഇത്രമാത്രം ആ നിയമം ദുരുപയോഗപ്പെടുത്തുകയും ചെയ്ത സംഭവം ഇൻഡ്യാരാജ്യത്ത് വേറെ ഉണ്ടായിട്ടുണ്ടോ? ഇല്ലെന്നുള്ളതാണ്. അതുകൊണ്ടാണ് അപ്പുറത്തിരിക്കുന്നവർ, പുരോഗമനവാദികളും ജനാധിപത്യവാദികളുമൊക്കെയായിട്ടുള്ള ആളുകൾ മനഃസാക്ഷിയോട് ചോദിച്ച് സംസാരിക്കണമെന്ന് പറഞ്ഞിട്ട് എഴുതിക്കൊടുത്തിട്ട് പിന്നെ സംസാരിക്കേണ്ട എന്നു തീരുമാനിച്ചത്. ഇതു പറയാൻ ചിലർക്കെങ്കിലും തൊലിക്കട്ടി കാണും...

ശ്രീ. സി.എ. കുര്യൻ: ബഹുമാനപ്പെട്ട കെ. കരുണാകരനെ കേരളത്തിലെ മുഖ്യമന്ത്രിയാക്കണമെന്ന ഒരു അപേക്ഷ പരിഗണിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇങ്ങനെ പറയേണ്ട ആവശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ബാലൻ: അതിരിക്കട്ടെ. ശ്രീ. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കേ കരുണാകരനാണ് മുഖ്യമന്ത്രി സ്ഥാനംപോലും കൈകാര്യം ചെയ്യുന്നതെന്നു പരിവേദനം നടത്തിയ ഒരു പാർട്ടിയാണ് കുര്യന്റെ പാർട്ടിയെന്നറിയാമോ? അതാണ് കരുണാകരന്റെ കഴിവ്. അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴും മുഖ്യമന്ത്രിയുടെ കഴിവുകേ ഉപയോഗപ്പെടുത്തിയത് കരുണാകരനാണെന്നു കേന്ദ്രംമുതൽ ഇങ്ങോട്ട് പരിവേദനം നടത്തിയ പാർട്ടിയിലെ പാപ്പരായ നിങ്ങളാണോ ഈ പറയുന്നത്? നിങ്ങടം ഈ രാജ്യത്ത് അടിയന്തിരാവസ്ഥ കൊണ്ടു വന്നത് ബ്രഷ്നേവിന്റെ ഉപദേശപ്രകാരമാണെന്നു പ്രസംഗിച്ചവരാണ്. ഇരുപതിന പരിപാടിയിൽ പതിനേഴ് ഇനവും നിങ്ങളുടെ പാർട്ടിയുടെ പരിപാടിയാണെന്നു പ്രസംഗിച്ചു നടന്ന പൂജ്യം പാർട്ടിയാണ് നിങ്ങളുടെ പാർട്ടി. ഇരുപതിന പരിപാടിയിൽ പതിനേഴ് ഇനവും ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പരിപാടിയാണ്, അടിയന്തിരാവസ്ഥ കൊണ്ടുവരാൻ ഇന്ദിരാഗാന്ധിക്ക് ധൈര്യമില്ല. സഖാവ് ഡാങ്കേയും ബ്രഷ്നേവും പറഞ്ഞിട്ടാണ് അടിയന്തിരാവസ്ഥ കൊണ്ടുവന്നതെന്നു പറഞ്ഞതറിയാമല്ലോ. എന്നിട്ട് ഇപ്പോടം ബ്രഷ്നേവിനേയും തള്ളിപ്പറഞ്ഞു. നിങ്ങടം ഈ ലോകത്തിൽ അധികാരത്തിനുവേണ്ടി ആരേയും തള്ളിപ്പറയും എന്നു വിശ്വസിക്കുന്നവനാണ് ഞാൻ. അതുകൊണ്ട് പുരോഗമനമൊന്നും പറയേണ്ട, അതൊക്കെ കയ്യിലിരിക്കട്ടെ. സോവ്യറ് പ്രധാനമന്ത്രി കൊസീജിൻ ഈ രാജ്യത്തുവന്നു നടത്തുന്ന വിരുന്നിന് ക്ഷണിക്കപ്പെട്ടത് ഇന്ദിരാഗാന്ധിയെയാണെന്നറിയാമോ? അതുകൊണ്ട് ആ സോഷ്യലിസ്റ്റു കച്ചവടമൊക്കെ കയ്യിൽ വച്ചാൽമതി. ഞങ്ങടം ക്കറിയാം നിങ്ങളുടെ സോഷ്യലിസ്റ്റു കച്ചവടം എന്തിനാണെന്നുള്ളത്. എനിക്ക് ആ കാര്യത്തിൽ നിങ്ങളെക്കുറിച്ച് അശേഷം ശങ്കയുണ്ടെന്ന് ധരിക്കേണ്ട. കരുണാകരൻ മുഖ്യമന്ത്രിയായാലും മന്ത്രിയായാലും ആ കരുണാകരനോടൊത്ത് നിങ്ങടം രാജ്യഭരണം നടത്തുമെന്ന അഭിപ്രായക്കാരനാണ് ബാലൻ. അതേക്കുറിച്ച് ഒരു ശങ്ക സി.പി.ഐ.-യെക്കുറിച്ച് ബാലനുണ്ടെന്ന് ധരിക്കേണ്ട. അങ്ങനെയൊന്നും വിട്ടുകളയുന്ന ചരക്കുകളല്ല നിങ്ങടം. അതുകൊണ്ട് അതൊക്കെ കയ്യിലിരിക്കട്ടെ. രണ്ടിൽ നിന്നു 23 ആയത് ഭരണത്തിന്റെ പശിമ വലിച്ചെടുത്താണ്. അത്രവേഗമൊന്നും വിടുന്ന ആളുകളല്ല നിങ്ങടം. നിങ്ങടംക്ക് രാഷ്ട്രീയം അറിയാം. ഇൻഡ്യയിലെ പ്രബുദ്ധരായ രാഷ്ട്രീയക്കാരാണ്. രാഷ്ട്രീയം അറിയാവുന്നവരായതുകൊണ്ട് ആൻറണിയെപ്പോലെ നിങ്ങടം വിഡ്ഢിത്തം കാണിക്കുകയില്ല. ദാനകർമ്മങ്ങളിൽ അതിശയിക്കുന്ന കർണ്ണനെപ്പോലെ സ്വരക്ഷാകവചം അഴിച്ച് വാസുദേവൻനായരെ അണിയിച്ചുപോയതുൽ ആൻറണിയെപ്പോലെ സി.പി.ഐ.-യും വാസുദേവൻനായരും പെരുമാറുകയില്ല. രാഷ്ട്രീയ ബുദ്ധിവിശേഷണത്തിലും തന്ത്രത്തിലും എപ്പോഴും നിങ്ങളോട് എനിക്ക് മതിപ്പേ തോന്നിയിട്ടുള്ളു. കാരണം ഒരിക്കലും നിങ്ങളോട് മതിപ്പു കുറവുതോന്നിയ ആളല്ല ഈ ബാലൻ. ഈ രാജ്യത്തുണ്ടാകാവുന്ന മാറ്റങ്ങളിൽ നിങ്ങളുടെ ഭാഗഭാഗത്വം ഉണ്ടാകുമെന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. നിങ്ങടംക്ക് കരുണാകരനോടും എതിർപ്പില്ല, നിങ്ങടംക്ക് ഭരണം നഷ്ടപ്പെടുന്ന കാര്യത്തിലൊഴിച്ച് മറെറാന്നിനോടും എതിർപ്പില്ലെന്നു പറയട്ടെ. അതുകൊണ്ട് ഇങ്ങോട്ട് ചോദിക്കുന്നത് വളരെ സൂക്ഷിച്ചുവേണം. അത്രക്ക് കോപ്പുള്ളവരൊന്നും ഇപ്പോടം അപ്പുറത്തില്ല. ഇനി വന്നിട്ടുവേണം. അതുകൊണ്ട് ഈ ചരക്കുകളൊക്കെ കയ്യിലിരിക്കട്ടെ. രണ്ടിൽനിന്നു 23 ആയി വളർന്നത് അറിയാമല്ലോ. ശിവ, ശിവ ഇതൊക്കെ ഇത്ര പെട്ടെന്നു മറന്നോ? കരുണാകരന്റെയും ഇന്ദിരാഗാന്ധിയുടെയും പിന്നാലേ

LIBRARY ARCHIVES Kerala Legislative Assembly

നടന്നാണ് ഇവിടെ എത്തിയത്. അതുകൊണ്ട് ഇത്ര പെട്ടെന്ന് കരുണാകരനെ തള്ളിപ്പറയാനും ഇന്ദിരാഗാന്ധിയെ തള്ളിപ്പറയാനും അയ്യയ്യോ നിങ്ങൾക്ക് അതിനൊക്കെ കഴിവുണ്ടോ? ബഷീറ്നേവും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറി രാജേശ്വരറാവുവും പറഞ്ഞു ഞങ്ങൾ ചെയ്തുപോയതാണ്, നിങ്ങൾ ഇപ്പോൾ മാറിപ്പറയുന്നു എങ്കിൽ നിങ്ങൾ കാംറേഡ് ബഷീറ്നേവിന്റെയും രാജേശ്വരറാവുവിന്റെയും പഴയ അഭിപ്രായത്തിൽ നിൽക്കുന്നു എന്നു ധരിച്ചാൽ മതി. ഞാൻ പറഞ്ഞുവന്നത് ഈ ബില്ലിനെ എതിർക്കാനുള്ള പ്രധാന കാരണത്തെക്കുറിച്ചാണ്. രണ്ടു വ്യക്തികളുടെ കാലാവധി വെട്ടിക്കൊടുക്കുക എന്നുള്ളതാണ്, അങ്ങനെ വ്യക്തികൾ അനിവാര്യരല്ല, ഒരു കോർപ്പറേഷൻ എടുത്തായാൽ മറ്റനേകം കൗൺസിലർമാർ ഉള്ളപ്പോൾ. അതുകൊണ്ട് അതു നീട്ടിക്കൊടുക്കരുത് എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): ഇതുവരെ ഇവിടെ പറഞ്ഞിരുന്നത് കൗൺസിൽ പിരിച്ചുവിട്ടതിനെപ്പറ്റിയായിരുന്നു. അതിനായിരുന്നു ആക്ഷേപം. കൗൺസിൽ ഇല്ലാത്തതുകൊണ്ട് ഒന്നും നടക്കുന്നില്ല എന്നാണ് ശ്രീ. ചന്ദ്രശേഖരക്കുറുപ്പും മറ്റും പറഞ്ഞത്. ഇപ്പോൾ ഒരു ആക്ഷേപം കൗൺസിൽ നീട്ടിക്കൊടുക്കുന്നതിനെക്കുറിച്ചാണ്. അതിന് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ധാർമ്മികരോഷത്തിന്റെ കാര്യമായ കാരണം അവരുടെകൂടെ നേരത്തേയുണ്ടായിരുന്ന ഒരു മേയർ ഇപ്പോൾ അവർ ഇല്ലാതെ അവിടെ മേയറായി നിൽക്കാൻ സമ്മതിക്കുന്നു എന്നുള്ളതാണ്.

ശ്രീ. എം.വി. രാഘവൻ: ഞങ്ങൾ മാറാൻ പറഞ്ഞതാണ്. കരിങ്കാലിയായി നിൽക്കുകയാണ്.

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: പാർട്ടിയിൽനിന്നു വിട്ടുപോകുന്നവരെപ്പറ്റി പറയേണ്ട വാക്കുകൾ രാഘവന്റെ നിഘണ്ടുവിലുള്ളതാണ് ഇതൊക്കെ. അതുകൊണ്ട് പാർട്ടിയിലുള്ളവരെല്ലാം സൂക്ഷിക്കണം. പാർട്ടി വിട്ടുപോയാൽ രാഘവൻ എല്ലാവരേയും ഞാൻ ആവർത്തിക്കാൻ ഉദ്ദേശിക്കാത്ത വാക്കുകൊണ്ട് അഭിഷേകം ചെയ്യും. ശ്രീ. ശേഷാദ്രി ഞങ്ങളുടെ പാർട്ടിക്കാരനല്ല, ഭരണമുന്നണിക്കാരനല്ല. ഡെപ്യൂട്ടി മേയറും ഞങ്ങളുടെ പാർട്ടിക്കാരനല്ല. പാർട്ടി വിരുദ്ധമായി ഞങ്ങൾക്കെതിരായി പ്രചാരവേല ചെയ്തു നടക്കുന്ന ആളാണ്. അതുകൊണ്ട് അങ്ങനെയുള്ള പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. പിന്നെ ശ്രീ. കുര്യൻ ഇവിടെ ചെയ്ത പ്രസംഗം വളരെ നന്നായിട്ടുണ്ട്. അതു ഇവിടെ ചെയ്യേണ്ടതായിരുന്നില്ല. കൗൺസിലിൽ ശ്രീ. ലാറൻസോ മറ്റോ ചെയ്യേണ്ട പ്രസംഗമായിരുന്നു. അങ്ങനെയായിരുന്നെങ്കിൽ വളരെ നന്നായിരുന്നേനെ എന്നാണ് എന്റെ അഭിപ്രായം. ഇവിടെ മറുപടി പറയേണ്ടതല്ലാത്തതോ ഇവിടെ മറുപടി പറയാൻ കഴിയാത്തതോ ആയ ആളിനെപ്പറ്റി നിയമസഭയുടെ പ്രിവിലേജ് ഉപയോഗിച്ച് ഈ മാതിരി ആരോപണങ്ങൾ ചെയ്യുന്നത് വാസ്തവത്തിൽ ചുരുക്കിപ്പറഞ്ഞാൽ ഭീരുത്വമാണെന്നേ പറയുന്നുള്ളൂ.

ശ്രീ. എ.പി. കുര്യൻ: ഞാൻ ഇവിടെ ഉന്നയിച്ച ആരോപണത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. നവമ്പർ ഒന്നിന് അവസാനിച്ച കാലാവധി കൗൺസിലിന് നീട്ടിക്കൊടുത്തു. ഞങ്ങൾ എന്തോ

LIBRARY ARCHIVES Kerala Legislative Assembly

നീട്ടുന്നതിന" അനുകൂലമാണെന്നു പറഞ്ഞു. തെറ്റിദ"ധരിക്കേണ്ട. നീട്ടിയതിനുശേഷം വളരെ പെട്ടെന", അന്നൊന്നും നീട്ടാതെ വളരെ നാടകീയമായി മേയറുടെ തിരഞ്ഞെടുപ്പ" നിശ"ചയിച്ചതിന്റെ തലേദിവസം മേയറുടെ കാലാവധി നീട്ടാനുള്ള കാരണമെന്തായിരുന്നു?

ശ്രീ. സി.എച്ച". മുഹമ്മദുകോയ: കൗൺസിലർമാരുടെ കാലാവധി നീട്ടുന്നത" ന്യായമാണെന്നും മേയറുടെ കാലാവധി നീട്ടിയത" ന്യായമല്ലെന്നുമുള്ള വാദഗതി എന്താണെന്നു മനസ"സിലാകുന്നില്ല. എന്തായാലും ഈ ബിൽ പാസാക്കിത്തരണമെന്നു അഭ്യർത"ഥിക്കുന്നു.

The amendment moved by Shri N. I. Devassykutty was put and lost.

The amendment moved by Shri P. K. Ittoop was, by leave, withdrawn.

The question that the Bill be taken into consideration was put and carried.

The Bill was taken into consideration.

Clause 2

Minister for Education (**Shri C. H. Mohammed Koya**): Sir, I move:

In clause 2 for the word and figures "June, 1979" the word and figures "October, 1979" shall be substituted.

The amendment moved by the Hon. Minister was put and adopted.

The question that Clause 2, as amended, stands part of the Bill was put and carried.

Clause 2, as amended was added to the Bill.

Clause 3

Minister for Education (**Shri C. H. Mohammed Koya**): Sir, I move the following amendments:

(1) In sub-clauses (a) and (c), for the word and figures "June, 1979" the word and figures "October, 1979" shall be substituted

(2) In sub-clause (b), for the word and figures "June, 1984", the word and figures "October, 1984" shall be substituted.

The amendments moved by the Hon. Minister was put and adopted.

The question that Clause 3, as amended, stands part of the Bill was put and carried.

Clause 3, as amended was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 4

The question that Clause 4, stands part of the Bill was put and carried.

Clause 4 was added to the Bill.

Clause 1, *Pramble and Title*

The question that clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Minister for Education (**Shri C. H. Mohammed Koya**): Sir, I move that the Bill may be finally passed.

Minister for Industries and Forests (**Shri P. S. Sreenivasan**): I second it.

The question that the Kerala Municipal Corporations (Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

(vii) 1979–ലെ കേരള മുനിസിപ്പാലിറ്റികൾ (രണ്ടാം ഭേദഗതി) ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): 1979–ലെ കേരള മുനിസിപ്പാലിറ്റികൾ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ആർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യത്തെക്കുറിച്ചുള്ള സ്റ്റേറ്റ്മെൻറും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

Mr. Chairman: The Bill stands introduced.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Home (**Shri K. M. Mani**): I second it.

Shri N. I. Devassykutty: Sir, 'I move that the Kerala Municipalities (Second Amendment) Bill, 1979 be circulated for eliciting public opinion till 31st May, 1979.'

[Dy. Speaker in the chair]

Shri S. Thyagarajan: Sir, I move that the Kerala Municipaliites (Second Amendment) Bill, 1979 be referred to a Select Committee.

സർ, ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഒരു കാര്യം ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്. നമ്മുടെ മുനിസിപ്പൽ കോർപ്പറേഷൻ പഞ്ചായത്തു തിരഞ്ഞെടുപ്പുകളൊക്കെ നീട്ടിവയ്ക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ പാസാക്കിയതുകൊണ്ട് തിരഞ്ഞെടുപ്പു നടത്തുന്നതിന് കാര്യമായ സാവകാശമുണ്ട്. ഈ സന്ദർഭത്തിൽ മുനി

LIBRARY ARCHIVES Kerala Legislative Assembly